**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മഹിളാ കിസാൻ ശാക്തീകരണ പരിയോജന (എം.കെ.എസ്.പി.) വനിതാ ലേബർ ബാങ്ക് പദ്ധതി - ബ്ലോക്ക് തല ലേബർ ബാങ്കുകൾക്ക് ഓഫീസ്/ഗാരേജ് സൗകര്യം നൽകുന്നത് സംബന്ധിച്ചും, പദ്ധതി നടത്തിപ്പിന് ഉദ്യോഗസ്ഥതല പിന്തുണ ഉറപ്പാക്കുന്നത് സംബന്ധിച്ചുമുള്ള നടപടി ക്രമങ്ങൾ അംഗീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

=================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ).1339/2014/തസ്വഭവ തീയതി,തിരുവനന്തപുരം, 30.05.2014

=================================================================

**<u>പരാമർശം</u>:**
1. 20.12.2012 ലെ സ.ഉ.(സാധാ)നം.3536/12/തസ്വഭവ നമ്പർ ഉത്തരവ്.
2. 04.02.2013 ലെ സ.ഉ.(സാധാ)നം.303/13/തസ്വഭവ നമ്പർ ഉത്തരവ്.
3. 16.11.2013 ലെ സ.ഉ.(സാധാ)നം.2812/13/തസ്വഭവ നമ്പർ ഉത്തരവ്.
4. 29.01.2014 ലെ സ.ഉ.(സാധാ)നം.276/14/തസ്വഭവ നമ്പർ ഉത്തരവ്.
5. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, എം.കെ.എസ്.പി.യുടെ 11.12.2013 ലെ 1804/COMPT/MKSP/PMU/2013 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

മഹിളാ കിസാൻ ശാക്തീകരണ പരിയോജന പദ്ധതി പ്രകാരം നെൽകൃഷി പുനരുദ്ധാരണത്തിനുള്ള വനിതാ ലേബർ ബാങ്ക് പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സ്റ്റേറ്റ് ലെവൽ കൺസൾട്ടേറ്റീവ് കമ്മിറ്റിയിൽ കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് തല ലേബർ ബാങ്കുകൾക്ക് ഓഫീസ്/ഗാരേജ് സൗകര്യം നൽകുന്നത് സംബന്ധിച്ചും പദ്ധതി നടത്തിപ്പിന് ഉദ്യോഗസ്ഥതല പിന്തുണ ഉറപ്പാക്കുന്നത് സംബന്ധിച്ചും ഉള്ള നടപടി ക്രമങ്ങൾ അംഗീകരിക്കണമെന്ന് സൂചന(5)ലെ കത്ത് പ്രകാരം എം.കെ.എസ്.പി. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എം.കെ.എസ്.പി. ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ആവശ്യം അംഗീകരിച്ചുകൊണ്ട് ചുവടെ ചേർക്കും പ്രകാരം ഉത്തരവാകുന്നു.

a. **ബ്ലോക്ക്തല ലേബർ ബാങ്കുകൾക്ക് ഓഫീസ്/ഗാരേജ് സൗകര്യം നൽകുന്നത് സംബന്ധിച്ച്.**

ബ്ലോക്ക്തല ലേബർ ബാങ്കുകളുടെ ദൈനംദിന ഭരണ നടത്തിപ്പിനായി ഓഫീസ് സൗകര്യം, യന്ത്രസാമഗ്രികൾ സൂക്ഷിക്കുന്നതിന് ആവശ്യമായ ഗാരേജ് സൗകര്യം എന്നിവ ബ്ലോക്ക് തലത്തിൽ ഏർപ്പെടുത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകുന്നു.

b. **പദ്ധതി നടത്തിപ്പിന് ഉദ്യോഗസ്ഥതല പിന്തുണ ഉറപ്പാക്കുന്നത് സംബന്ധിച്ച്.**

എം.കെ.എസ്.പി. പദ്ധതിയുടെ കീഴിൽ രൂപീകരിക്കാനുദ്ദേശിക്കുന്ന വനിതാ ലേബർ ബാങ്കിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് മേൽ നോട്ടം വഹിക്കുന്നതിന് ഗ്രാമതല-ജില്ലാതല ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കേണ്ടതാണ്.

തൊഴിലാളികളുടെ അപേക്ഷ സ്വീകരിക്കൽ, പരിശീലനത്തിന് നിയോഗിക്കൽ, പരിശീലനം സിദ്ധിച്ച തൊഴിലാളികളുടെ ലേബർ ഗ്രൂപ്പ്, ലേബർ ടീം, ലേബർ ബാങ്ക് എന്നിവ സംഘടിപ്പിക്കുക എന്നീ പ്രവർത്തനങ്ങൾക്കും പദ്ധതിയുടെ ജില്ലാതല മേൽനോട്ടത്തിനും പ്രോജക്ട് കാലയളവിലും പ്രോജക്ട് കാലയളവ് പൂർത്തിയാക്കിയ ശേഷവും ലേബർ ബാങ്കുകളുടെ സുസ്ഥിരതക്കും നിലവിലുള്ള ഉദ്യോഗസ്ഥ സംവിധാനത്തിന്റെ പിന്തുണ അനിവാര്യമായതിനാൽ ഗ്രാമവികസന വകുപ്പിൽ നിന്നും താഴെ പറയുന്നവരുടെ സേവനം പദ്ധതി നടത്തിപ്പ് മേൽനോട്ടം എന്നിവയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

ഗ്രാമതലം - വി.ഇ.ഒ/എൽ.വി.ഒ മാർ

1) എം.കെ.എസ്.പി മാനദണ്ഡമനുസരിച്ച് അർഹതയും താത്പര്യമുള്ള വനിതകളുടെ അപേക്ഷ മേൽ നടപടിക്കായി സ്വീകരിക്കൽ.
2) പരിശീലനം ലഭിച്ച തൊഴിലാളികളെ വാർഡ്/പാടശേഖരതലത്തിൽ ലേബർ ഗ്രൂപ്പ് ആയും പഞ്ചായത്ത് തലത്തിൽ ലേബർ ടീമായും സംഘടിപ്പിക്കൽ.
3) പാടശേഖരസമിതികളെയും തൊഴിലാളികളെയും തമ്മിൽ കൂട്ടിയിണക്കൽ.
4) പഞ്ചായത്ത്തലത്തിൽ തൊഴിലാളികളുടെ പ്രതിമാസ അവലോകന യോഗങ്ങൾ നടത്തൽ.

ബ്ലോക്ക് തലം - ബ്ലോക്ക് വനിതാ ക്ഷേമ ഓഫീസർമാർ

1) അർഹതപ്പെട്ട അപേക്ഷകരെ പരിശീലനത്തിന് നിയോഗിക്കൽ.
2) പരിശീലന സ്ഥാപനവും (ഗ്രീൻ ആർമി വടക്കാഞ്ചേരി) തൊഴിലാളികളുമായുള്ള ലിങ്ക് ആയി പ്രവർത്തിക്കൽ.
3) പ്രായോഗിക പരിശീലനത്തിനുള്ള പിന്തുണ സംവിധാനം ഉറപ്പാക്കൽ.

4) പരിശീലനം സിദ്ധിച്ച തൊഴിലാളികളുടെ ലേബർ ബാങ്ക് രൂപീകരിക്കൽ.
5) ലേബർ ബാങ്കിന് പെയ്ഡ് സെക്രട്ടറിയെ വയ്ക്കുന്നതിന് സാമ്പത്തിക ശേഷി കൈവരിക്കുന്നതുവരെ ഓണററി സെക്രട്ടറിയായി പ്രവർത്തിക്കൽ.
6) ലേബർ ബാങ്കിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുക.
7) പ്രതിമാസ അവലോകന യോഗങ്ങൾ നടത്തി പ്രവർത്തന പുരോഗതി വിലയിരുത്തി ബി.ഡി.ഒ/പ്രോ.ഡയറക്ടർ/സി.ഇ.ഒ എന്നിവർക്ക് റിപ്പോർട്ട് നൽകുക.

<u>ബി.ഡി.ഒ/ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി</u>

1) ബ്ലോക്കുതല ലേബർ ബാങ്കിന്റെ മേൽനോട്ടവും പ്രശ്നപരിഹാരവും.
2) വിവിധ പഞ്ചായത്ത്/ബ്ലോക്കിൽ നിന്നും കാർഷിക യന്ത്രങ്ങൾ ഏറ്റെടുത്ത് ലേബർ ബാങ്കിന് കൈമാറുക.
3) അധികമായി ആവശ്യമുള്ള യന്ത്രങ്ങൾ സംബന്ധിച്ച വിവരം സി.ഇ.ഒ യ്ക്ക് നൽകൽ.
4) പദ്ധതിക്കാവശ്യമായ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിഹിതം വകയിരുത്തൽ, സി.ഇ.ഒ ക്ക് കൈമാറൽ, വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കൽ.

<u>ജില്ലാ വനിതാക്ഷേമ ഓഫീസർ</u>

1) ജില്ലയിലെ വനിത ലേബർ ബാങ്കുകളുടെ പ്രവർത്തനം സംബന്ധിച്ച ബ്ലോക്കുതല വനിത ക്ഷേമ ഓഫീസർമാരുടെ പ്രതിമാസ യോഗത്തിൽ അവലോകനം ചെയ്യുകയും പ്രശ്നങ്ങൾ സി.ഇ.ഒ യുടെ ശ്രദ്ധയിൽ കൊണ്ടു വരികയും ചെയ്യൽ.
2) പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ജില്ലാ പഞ്ചായത്തിന്റെ പിന്തുണ ഉറപ്പാക്കുക.
3) പദ്ധതിക്കാവശ്യമായ ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തി എന്ന് ഉറപ്പാക്കുക.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ജെയിംസ് വർഗീസ് ഐ.എ.എസ്,
പ്രിൻസിപ്പൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.
3. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മഹിളാ കിസാൻ ശാക്തീകരണ പരിയോജന നിർവ്വഹണ ഏജൻസി, ഇടിസി ക്വാർട്ടേഴ്സ്, ഒല്ലൂക്കര, തൃശ്ശൂർ-680655.
4. ജില്ലാ പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം, മലപ്പുറം, പാലക്കാട്, തൃശ്ശൂർ.

5. പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ.
6. ഡയറക്ടർ, ഗ്രീൻ ആർമി ലേബർ ബാങ്ക്, അത്താണി, തൃശ്ശൂർ.
7. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ